പ്രത്യേക വിമാനത്തിന്റെ വാടക തിരിച്ചു പിടിക്കാൻ നടപടി

2 [1077] ശ്രീ എം. വിജയകുമാർ:
,, പി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് രാജ്യരക്ഷാ വകുപ്പിന്റെയും മറ്റും സ്പെഷ്യൽ പ്ലെയിൻ വാടകയ്ക്കെടുത്തു യാത്ര ചെയ്യാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഏതു നിയമത്തിന്റെ ഏതു വകുപ്പനുസരിച്ചാണ് ഈ അർഹത ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് മുമ്പ് നിയസഭാംഗമോ, മന്ത്രിയോ അല്ലാതിരിക്കുന്ന അവസരത്തിൽ സ്പെഷ്യൽ പ്ലെയിൻ വാടകയ്ക്കെടുത്താൽ അതിന്റെ ചെലവ് സർക്കാർ നൽകാൻ വ്യവസ്ഥയുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം മുഖ്യമന്ത്രിയാകുന്നതിന് മുമ്പ് വാടകയ്ക്കെടുത്ത പ്ലെയിനിന്റെ ചാർജ്ജ് ഏതെങ്കിലും മുഖ്യമന്ത്രിമാർക്ക് ഈ സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഇങ്ങനെ നൽകിയ തുക തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് സർക്കാരിൽനിന്നും അനുയോജ്യമായ വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്ന് 1951-ലെ പേയ്മെന്റ് ഓഫ് സാലറീസ് ആൻറ് അലവൻസസ് ആക്ടിലെ 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

സെക്രട്ടറിയേറ്റ് കോമ്പൗണ്ടിലെ വൃക്ഷങ്ങൾ

3 [1080] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ നിൽക്കുന്ന വൃക്ഷങ്ങൾ നട്ടത് ആരെല്ലാമെന്നും ഓരോ വൃക്ഷത്തിന്റെയും ചുവട്ടിൽ ബോർഡ് വച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വൃക്ഷങ്ങൾക്ക് ബോർഡ് വെച്ചിട്ടുണ്ടെന്നും, പ്രസ്തുത ബോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പേരുകൾ ആരുടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഈ ബോർഡുകൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly